# CHAPTER – 1
# ശിലായുഗത്തിൽ നിന്ന് മുന്നോട്ട്

---

1. **പുരാതന മനുഷ്യർ ഉപകരണങ്ങൾ ഉപയോഗിച്ചിരുന്നതിലെ മൂന്ന് പ്രധാന ഘട്ടങ്ങൾ ഏതെല്ലാമാണെന്നാണ് പുരാവസ്തു ഗവേഷകർ ചൂണ്ടിക്കാണിക്കുന്നത്?**

ഉപകരണങ്ങൾ ഉപയോഗിച്ചിരുന്ന മൂന്ന് ഘട്ടങ്ങൾ താഴെ പറയുന്നവയാണ്:

- **ഉപയോഗപ്പെടുത്തൽ :** ലഭ്യമായ കല്ലുകളുടെ രൂപത്തിൽ മാറ്റം വരുത്താതെ തന്നെ അവ ഉപയോഗിക്കുന്ന രീതി.
- **രൂപപ്പെടുത്തൽ :** കല്ലുകളുടെ രൂപം ആവശ്യാനുസരണം മാറ്റി ഉപയോഗിക്കുന്ന രീതി.
- **ക്രമപ്പെടുത്തൽ :** ഓരോ ആവശ്യത്തിനും അനുയോജ്യമായ പ്രത്യേക ഉപകരണങ്ങൾ നിർമ്മിക്കുന്ന രീതി.

2. **ശിലായുധ നിർമ്മാണത്തിലെ 'കോർ' (Core), 'ഫ്ലേക്സ്' (Flakes) എന്നിവ തമ്മിലുള്ള വ്യത്യാസം വിശദീകരിക്കുക. ഇവ ഉപയോഗിച്ച് നിർമ്മിച്ച ആയുധങ്ങൾ ഏതെല്ലാമാണ്?**

- **കോറും ഫ്ലേക്സും :** ഒരു കല്ല് രണ്ടോ അതിലധികമോ കഷണങ്ങളായി ഉടയുമ്പോൾ അതിലെ ഏറ്റവും വലിയ കഷണത്തെ '**കോർ**' എന്നും ചെറിയ കഷണങ്ങളെ '**ഫ്ലേക്സ്**' എന്നും വിളിക്കുന്നു.
- **കോർ ഉപകരണങ്ങൾ :** വലിയ കല്ലുകൾ (കോർ) കൊണ്ട് നിർമ്മിച്ചവയാണ് കോർ ഉപകരണങ്ങൾ.
- **ഫ്ലേക് ഉപകരണങ്ങൾ :** ചെറിയ കല്ല് ചീളുകൾ (ഫ്ലേക്സ്) കൊണ്ട് നിർമ്മിച്ചവയാണ് ഫ്ലേക് ഉപകരണങ്ങൾ

3. **പാലിയോലിത്തിക് കാലഘട്ടത്തിന്റെ സവിശേഷതകൾ എന്തെല്ലാം?**

- ആദിമ മനുഷ്യർ പരുക്കൻ ശിലാ ആയുധങ്ങൾ ഉപയോഗിച്ചു.
- ഗുഹകളിലും തുറസ്സായ സ്ഥലങ്ങളിലും താമസിച്ചു.
- വേട്ടയാടലും ഭക്ഷണശേഖരണവുമായിരുന്നു ഉപജീവനമാർഗ്ഗം
- 'ബാൻഡുകൾ' എന്ന് വിളിക്കപ്പെടുന്ന ചെറിയ കൂട്ടങ്ങളായാണ് അവർ സംഘടിച്ചിരുന്നത്.
- പുരുഷന്മാർ വേട്ടയാടലിലും സ്ത്രീകൾ ഭക്ഷണശേഖരണത്തിലും ഏർപ്പെട്ടു.
- ഭക്ഷണം സംഭരിച്ചുവെച്ചിരുന്നില്ല.
- നാടോടി ജീവിതം നിലനിന്നിരുന്നു.

4. **ലോകത്തിലെ പ്രധാന പാലിയോലിത്തിക് കേന്ദ്രങ്ങൾ ഏതൊക്കെയാണ്?**

ലോകത്തിലെ പ്രധാന പാലിയോലിത്തിക് കേന്ദ്രങ്ങൾ ഇവയാണ്:

- **അൾട്ടാമിറ** (സ്പെയിൻ)
- **ഷോവെ** (ഫ്രാൻസ്)
- **ലാസ്കോ** (ഫ്രാൻസ്)
- **ഭീംബേട്ക** (ഇന്ത്യ)

5. **മധ്യശിലായുഗത്തിൽ ഉപയോഗിച്ചിരുന്ന ആയുധങ്ങളുടെ സവിശേഷതകൾ എന്തെല്ലാമാണ്?**

- മധ്യശിലായുഗത്തിൽ മനുഷ്യർ മൂർച്ചയുള്ള മുനകളോടു കൂടിയ ചെറിയ ശിലായായുധങ്ങളാണ് ഉപയോഗിച്ചിരുന്നത്. ഇത്തരം ആയുധങ്ങളെ **സൂക്ഷ്മശിലായുധങ്ങൾ** എന്ന് വിളിക്കുന്നു.
- കൂടാതെ, ഈ കാലഘട്ടത്തിൽ എല്ല്, ആനക്കൊമ്പ് എന്നിവകൊണ്ടുള്ള ഉപകരണങ്ങളും മനുഷ്യർ ഉപയോഗിക്കാൻ തുടങ്ങിയിരുന്നു.

6. **മധ്യശിലായുഗത്തിന്റെ പ്രധാന സവിശേഷതകൾ ഏവ?**

മധ്യശിലായുഗത്തിന്റെ പ്രധാന സവിശേഷതകൾ താഴെ പറയുന്നവയാണ്:

- 'മൈക്രോലിത്തുകൾ' (സൂക്ഷ്മശിലായുധങ്ങൾ) എന്നറിയപ്പെടുന്ന വളരെ ചെറിയ ശിലായുധങ്ങളാണ് ഈ കാലഘട്ടത്തിൽ ഉപയോഗിച്ചിരുന്നത്.
- നായാട്ടിനും ഭക്ഷണശേഖരണത്തിനും പുറമെ മീൻപിടുത്തവും പ്രധാന ഉപജീവനമാർഗ്ഗമായി മാറി.
- മൃഗങ്ങളെ മെരുക്കി വളർത്തുന്നതിന്റെ സൂചനകൾ ഈ കാലഘട്ടത്തിൽ കാണാം.
- വിനോദങ്ങളിലും കലാപരമായ പ്രവർത്തനങ്ങളിലും ഏർപ്പെട്ടിരുന്നതിന്റെ തെളിവുകൾ ലഭിച്ചിട്ടുണ്ട്.
- സ്ത്രീപുരുഷ ഭേദമനുസരിച്ചുള്ള തൊഴിൽ വിഭജനം നിലനിന്നിരുന്നു.

7. **ലോകത്തിലെ പ്രധാന മധ്യശിലായുഗ കേന്ദ്രങ്ങൾ ഏവ?**

- സ്റ്റാർ കാർ : ഇംഗ്ലണ്ടിൽ സ്ഥിതിചെയ്യുന്നു.
- ഫാഹിയൻ ഗുഹ : ശ്രീലങ്കയിൽ സ്ഥിതിചെയ്യുന്നു.
- സരായ് നഹർ റായ് : ഇന്ത്യയിലെ ഉത്തർപ്രദേശിൽ സ്ഥിതിചെയ്യുന്നു.
- ബാഗോർ : ഇന്ത്യയിലെ രാജസ്ഥാനിൽ സ്ഥിതിചെയ്യുന്നു.
- ആദംഗഢ് : ഇന്ത്യയിലെ മധ്യപ്രദേശിൽ സ്ഥിതിചെയ്യുന്നു

8. **നവീന ശിലായുഗത്തിന്റെ പ്രധാന സവിശേഷതകൾ ഏവ?**

- നവീന ശിലായുഗത്തിൽ മിനുസപ്പെടുത്തിയതും മൂർച്ചയുള്ളതുമായ കല്ല് കൊണ്ടുള്ള ആയുധങ്ങൾ ഉപയോഗിച്ചു.

- ഈ കാലഘട്ടത്തിലെ ഏറ്റവും പ്രധാനപ്പെട്ട മാറ്റമായിരുന്നു ചക്രത്തിന്റെ കണ്ടുപിടുത്തം.
- മനുഷ്യൻ സ്വയം ആഹാരം ഉൽപ്പാദിപ്പിക്കാൻ (കൃഷി ചെയ്യാൻ) തുടങ്ങി.
- ഭക്ഷണം സൂക്ഷിക്കാനും പാചകം ചെയ്യാനുമായി മൺപാത്രങ്ങൾ നിർമ്മിച്ചു.
- ഭക്ഷണം തേടി അലയുന്നത് അവസാനിപ്പിച്ച് മനുഷ്യർ ഒരിടത്ത് സ്ഥിരമായി താമസിക്കാൻ തുടങ്ങി.

9. **നവീന ശിലായുഗത്തിൽ ഉണ്ടായ പ്രധാന സാങ്കേതിക പുരോഗതികൾ വിവരിക്കുക**.

- മിനുസപ്പെടുത്തിയതും മൂർച്ചയുള്ളതുമായ കല്ല് കൊണ്ടുള്ള ആയുധങ്ങൾ ഉപയോഗിച്ചു.
- ചക്രത്തിന്റെ കണ്ടുപിടുത്തം യാത്രയും പാത്രനിർമ്മാണവും എളുപ്പമാക്കി.
- ഭക്ഷണം പാകം ചെയ്യാനും ധാന്യങ്ങൾ സൂക്ഷിക്കാനും മൺപാത്രങ്ങൾ ഉണ്ടാക്കി.
- ചണം, കമ്പിളി എന്നിവ ഉപയോഗിച്ച് വസ്ത്രങ്ങൾ നിർമ്മിക്കാൻ തുടങ്ങി.
- ഈ മാറ്റങ്ങൾ വഴി മനുഷ്യൻ കൃഷിയിലേക്കും സ്ഥിരവാസത്തിലേക്കും മാറി.

10. **കൃഷിയിലേക്കും , മൃഗങ്ങളെ മെരുക്കുന്നതിലേക്കും മനുഷ്യനെ നയിച്ച ഘടകങ്ങൾ ഏവ?**

- ജനസംഖ്യാ വർധനവ്.
- മനുഷ്യവാസമറ്റ കേന്ദ്രങ്ങളുടെ എണ്ണത്തിലുണ്ടായ വർധനവ്.
- സങ്കീർണ്ണമായ സാമൂഹിക വ്യവസ്ഥിതി.
- ഭക്ഷണസാധനങ്ങളുടെ ദൗർലഭ്യം.
- സാങ്കേതികവിദ്യയിലുണ്ടായ മാറ്റം.

11. ലോകത്തിലെ പ്രധാന നവീന ശിലായുഗ കേന്ദ്രങ്ങൾ പട്ടികപ്പെടുത്തുക.

**ലോകത്തിലെ പ്രധാന നവീന ശിലായുഗ കേന്ദ്രങ്ങൾ ഇവയാണ്**:

- **ജെറിക്കോ :** പാലസ്തീൻ
- **ജാർമോ :** ഇറാഖ്
- **അലി കോഷ് :** ഇറാൻ
- **മെഹർഗഡ് :** പാകിസ്ഥാൻ
- **ചറ്റൽ ഹോയൂക്ക് :** തുർക്കി

12. **എന്താണ് താമ്രശിലായുഗം ? ഈ കാലഘട്ടത്തിന്റെ പ്രധാന സവിശേഷത എന്തായിരുന്നു?**

- ശിലായുധങ്ങളോടൊപ്പം ചെമ്പ് കൊണ്ടുള്ള ഉപകരണങ്ങളും ഒരേസമയം ഉപയോഗിച്ചിരുന്ന പരിവർത്തന കാലഘട്ടമാണ് **താമ്രശിലായുഗം**.
- 'ചാൽക്കോ' (ചെമ്പ്), 'ലിത്തിക്' (ശില) എന്നീ വാക്കുകളിൽ നിന്നാണ് ഈ പേര് ഉണ്ടായത്.

- ഈ കാലഘട്ടത്തിൽ കൃഷിയിൽ വലിയ പുരോഗതി ഉണ്ടാവുകയും ശിലായുധങ്ങൾക്ക് പകരം ലോഹങ്ങൾ ഉപയോഗിച്ചു തുടങ്ങുകയും ചെയ്തു.
- ആദ്യകാല നഗര സംസ്കാരങ്ങളുടെ വളർച്ചയ്ക്ക് ഈ കാലഘട്ടം അടിത്തറയിട്ടു.
- ഇറാനിലെ അലി കോഷ്, തുർക്കിയിലെ ചറ്റൽ ഹോയൂക്ക്, മഹാരാഷ്ട്രയിലെ ദൈമാബാദ്, നെവാസ എന്നിവ താമ്രശിലായുഗത്തിലെ പ്രധാന കേന്ദ്രങ്ങളായിരുന്നു.

13. **വെങ്കലയുഗത്തിന്റെ പ്രധാന സവിശേഷതകൾ എന്തെല്ലാം? ഇന്ത്യയിൽ ഈ കാലഘട്ടത്തെ 'ഒന്നാം നഗരവൽക്കരണം' എന്ന് വിളിക്കുന്നത് എന്തുകൊണ്ട്?**

- ചെമ്പും ഈയവും ചേർത്തുള്ള വെങ്കലം എന്ന ലോഹസങ്കരം ഉപയോഗിച്ച് ഉപകരണങ്ങളും ആയുധങ്ങളും നിർമ്മിച്ച കാലഘട്ടമാണിത്.
- ചെമ്പിനേക്കാൾ കാഠിന്യമുള്ള വെങ്കലത്തിന്റെ ഉപയോഗം സാങ്കേതികവിദ്യയിലും കൃഷിയിലും വലിയ പുരോഗതി ഉണ്ടാക്കി.
- ഹാരപ്പൻ സംസ്കാരം പോലുള്ള വികസിതമായ നഗരങ്ങൾ ഈ കാലഘട്ടത്തിൽ രൂപംകൊണ്ടതിനാൽ ഇതിനെ 'ഒന്നാം നഗരവൽക്കരണം' എന്ന് വിളിക്കുന്നു.
- കൃഷിയിലെ പുരോഗതിയിലൂടെ ലഭിച്ച അധികാഹാരം ഇത്തരം നഗരങ്ങളുടെ വളർച്ചയ്ക്ക് സഹായകമായി.

14. **ഹാരപ്പൻ സംസ്കാരത്തിന്റെ സവിശേഷതകൾ എന്തെല്ലാമാണ്? അതിന്റെ പ്രധാന കേന്ദ്രങ്ങൾ എവിടെയെല്ലാമായിരുന്നു?**

- ഇന്ത്യയിലെ ഒന്നാം നഗരവൽക്കരണത്തെയാണ് ഹാരപ്പൻ സംസ്കാരം പ്രതിനിധീകരിക്കുന്നത്; ഇത് ഗ്രാമീണ ജീവിതത്തിൽ നിന്ന് വികസിതമായ നഗരങ്ങളിലേക്കുള്ള മാറ്റത്തെ സൂചിപ്പിക്കുന്നു.
- ഹാരപ്പ, മോഹൻജൊദാരോ, കാലിബംഗൻ, ലോത്തൽ, ധോളാവീര, ബനവാലി, രാഖി ഗർഹി എന്നിവയായിരുന്നു ഈ സംസ്കാരത്തിലെ പ്രധാന കേന്ദ്രങ്ങൾ.
- മികച്ച നഗരാസൂത്രണം, വെങ്കല ഉപകരണങ്ങളുടെ ഉപയോഗം, കാർഷിക മേഖലയിലെ അധിക ഉൽപ്പാദനം എന്നിവ ഈ സംസ്കാരത്തിന്റെ സവിശേഷതകളായിരുന്നു.

15. ആദ്യകാല വേദകാലഘട്ടത്തിലെയും പിൽക്കാല വേദകാലഘട്ടത്തിലെയും ജനങ്ങളുടെ സാമൂഹിക-സാമ്പത്തിക, മതപരമായ ജീവിതത്തെ താരതമ്യം ചെയ്യുക.

| ആദ്യകാല വേദകാലഘട്ടം | പിൽക്കാല വേദകാലഘട്ടം |
|---|---|
| സപ്തസിന്ധു പ്രദേശം | ഗംഗാതടം വരെ വ്യാപിച്ചു |
| കന്നുകാലി വളർത്തലിന് പ്രാധാന്യമുള്ള സമ്പദ്‌വ്യവസ്ഥ | കൃഷിക്ക് പ്രാധാന്യം നൽകി |
| അർദ്ധ-നാടോടി ജീവിതം | സ്ഥിരതാമസ ജീവിതം |
| സ്ത്രീകൾക്ക് ഉയർന്ന സാമൂഹിക പദവി | സ്ത്രീകളുടെ സാമൂഹിക പദവി ഇടിഞ്ഞു |
| കൃഷിക്കായി വനങ്ങൾ തീയിട്ട് തെളിച്ചു | ഇരുമ്പിന്റെ ഉപയോഗം |
| സമൂഹം പല ഗോത്രങ്ങൾ ചേർന്നതായിരുന്നു | വർണ്ണവ്യവസ്ഥ ശക്തമായി |
| യാഗങ്ങൾ ലളിതമായിരുന്നു, കുടുംബനാഥന് ചെയ്യാമായിരുന്നു | യാഗങ്ങൾ സങ്കീർണ്ണവും ചിലവേറിയതുമായി മാറി. പുരോഹിതന്മാരുടെ പ്രത്യേക അവകാശമായി. |

---